# കേരള കാർഷിക സർവ്വകലാശാല

## നാളികേര ഗവേഷണ കേന്ദ്രം

കട്ടച്ചൽക്കുഴി, ബാലരാമപുരം
തീയതി: 19.06.2023

നമ്പർ: ബി.377/2016

**ക്വട്ടേഷൻ/പരസ്യലേലം നോട്ടീസ്**

കട്ടച്ചൽക്കുഴി നാളികേര ഗവേഷണ കേന്ദ്രത്തിലെ ലൈവ് സ്റ്റോക്ക് യൂണിറ്റിലെ 6.5 മാസം പ്രായമുള്ള ഒരു ആൺ ആട് (നമ്പർ 175) ലേലം ചെയ്തു വിൽക്കുവാൻ തീരുമാനിച്ചിരിക്കുന്നു. 175-ാം നമ്പർ ആടിന് ഏകദേശം 17 കിലോ തൂക്കം ഉണ്ട്. ടി ആടിനെ വാങ്ങുവാൻ താല്പര്യമുള്ളവരിൽ നിന്നും മത്സര സ്വഭാവത്തിലുള്ള ക്വട്ടേഷൻ/ പരസ്യലേലം ക്ഷണിച്ചു കൊള്ളുന്നു.

ആടിനെ ക്വട്ടേഷൻ/പരസ്യലേലം മുഖേന വാങ്ങാവുന്നതാണ്.

മത്സര സ്വഭാവത്തില്ലുള്ള ക്വട്ടേഷൻ മുഖേന ആടിനെ വാങ്ങുവാൻ താല്പര്യമുള്ളവർ താത്പര്യപ്പെടുന്ന വില രേഖപ്പെടുത്തി കവറിലാക്കി സീൽ ചെയ്തു, കവറിനു പുറത്ത് വാങ്ങാൻ ഉദ്ദേശിക്കുന്ന ആടിന്റെ നമ്പർ സൂചിപ്പിച്ച് "ആടിനെ വാങ്ങുന്നതിനുള്ള ക്വട്ടേഷൻ" എന്ന് രേഖപ്പെടുത്തി പ്രൊഫസർ & ഹെഡ്, നാളികേര ഗവേഷണ കേന്ദ്രം, കട്ടച്ചൽക്കുഴി പി.ഒ., ബാലരാമപുരം – 695501 എന്ന വിലാസത്തിൽ 26/06/2023-ന് ഉച്ചയ്ക്ക് 2.30 മണിക്ക് മുമ്പായി അയയ്ക്കുകയോ നേരിട്ട് എത്തിയ്ക്കുകയോ ചെയ്യേണ്ടതാണ്. അന്നേ ദിവസം 3.00 മണിക്ക് ആടിന്റെ പരസ്യലേലവും ഉണ്ടായിരിക്കുന്നതാണ്. പരസ്യലേലത്തിനു ശേഷം ഹാജരുള്ള ക്വട്ടേഷണർമാരുടെ സാന്നിദ്ധ്യത്തിൽ അന്നേ ദിവസം തന്നെ ക്വട്ടേഷനുകൾ തുറക്കുന്നതും, ക്വട്ടേഷനിലും പരസ്യലേലത്തിലും കൂടി ലഭ്യമായ ഏറ്റവും കൂടിയ നിരക്ക് സർക്കാർ/ സർവ്വകലാശാല മാനദണ്ഡങ്ങൾക്ക് വിധേയമായി അംഗീകരിക്കുന്നതുമായിരിക്കും. പരസ്യലേലം/ക്വട്ടേഷൻ സ്വീകരിക്കുന്നതിനും റദ്ദുചെയ്യുന്നതിനും, മാറ്റിവയ്ക്കുന്നതിനും നിരസിക്കുന്നതിനും, പുനർലേലം/പുനർ ക്വട്ടേഷൻ നടത്തുന്നതിനുള്ള പരമാധികാരം ഗവേഷണകേന്ദ്രം മേധാവിയിൽ/ഇതേ ആവശ്യത്തിനു വേണ്ടി രൂപീകരിക്കുന്ന കമ്മിറ്റിയിൽ നിക്ഷിപ്തമായിരിക്കും.

ക്വട്ടേഷനിലും, പരസ്യലേലത്തിലും പ്രത്യേകമായോ, രണ്ടിലും കൂടിയോ, പങ്കെടുക്കുവാൻ താൽപര്യപ്പെട്ടുവരുന്നവർക്കും അർഹതയുായിരിക്കും.

ലേലത്തിനുള്ള 175 എന്ന നമ്പറില്ലുള്ള ആൺ ആടിനെ നേരിൽ കണ്ട് ബോധ്യപ്പെടുന്നതിന് താത്പര്യമുള്ളവർക്ക് നേരിൽ ഹാജരായാൽ ഓഫീസ് പ്രവൃത്തി സമയത്ത് അതിനുള്ള സൗകര്യം ചെയ്തു കൊടുക്കുന്നതാണ്. വിശദവിവരങ്ങൾക്ക് 0471–2400621 എന്ന ടെലിഫോൺ നമ്പറിൽ ബന്ധപ്പെടാവുന്നതാണ്.

സർക്കാർ ക്വട്ടേഷനുകൾക്ക് ബാധകമായ എല്ലാ വ്യവസ്ഥകളും ഈ ക്വട്ടേഷനും ബാധകമാണ്.

ഒപ്പ്-
**പ്രൊഫസർ ആന്റ് ഹെഡ്**

പകർപ്പ്:

1. പ്രൊഫസർ & ഫാം ഇൻ ചാർജ്
2. ഫാം മാനേജർ ഗ്രേഡ്-I
3. കരുതൽ ശേഖരം
4. നോട്ടീസ് ബോർഡ്

അഡ് മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ്